പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ- 3038 21/06/2017-ൽ മറുപടിക്ക്

## പ്രധാൻമന്ത്രി കൃഷി സിഞ്ചായീ യോജന

ചോദ്യം

ശ്രീ. പി.കെ. ബഷീർ

ഉത്തരം

ശ്രീ. വി.എസ് .സുനിൽ കുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പ്രധാൻമന്ത്രി കൃഷി സിഞ്ചായീ യോജന എന്ന പേരിൽ ഒരു പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നുണ്ടോ;വിശദാംശം നൽകുമോ; | എ) | ഉണ്ട്. ലഭ്യമായ ജലം പ്രധാനമായും കൃഷിക്കുവേണ്ടി ഫലപ്രദമായി ഉപയോഗിക്കുന്നതിലേക്കായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് കേന്ദ്ര സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് പ്രധാനമന്ത്രി കൃഷി സിഞ്ചായീ യോജന. പ്രസ്തുത പദ്ധതി കേരളത്തിൽ നടപ്പിലാക്കുന്നതിന്റെ നോഡൽ ഡിപ്പാർട്ട്മെന്റ് കൃഷി വകുപ്പാണ്. കൃഷി, ജലസേചനം, ഗ്രാമവികസനം എന്നീ വകുപ്പുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ചേർന്ന് കണ്ടെത്തുന്ന ജലസേചന പ്രവൃത്തികൾ ഉൾപ്പെടുത്തി ഡിസ്ട്രിക്ട് ഇറിഗേഷൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത ഡിസ്ട്രിക്ട് ഇറിഗേഷൻ പദ്ധതിയിൽ നിന്ന് ഓരോ വർഷവും നടപ്പിലാക്കേണ്ട പ്രവൃത്തികൾ (ആനുവൽ ആക്ഷൻ പ്ലാൻ) കണ്ടെത്തുകയും കേന്ദ്ര സഹായം ലഭിക്കുന്ന മുറയ്ക്ക് നടപ്പിലാക്കുകയും ചെയ്യുന്നു. 60:40 അനുപാതത്തിലാണ് പ്രധാനമന്ത്രി കൃഷി സിഞ്ചായീ യോജനക്ക് കേന്ദ്ര-സംസ്ഥാന വിഹിതം നിശ്ചയിച്ചിട്ടുള്ളത് കേരളത്തിലെ 14 ജില്ലകളിലെയും ജില്ലാ ഇറിഗേഷൻ പദ്ധതികൾ സംയോജിപ്പിച്ച് സംസ്ഥാന ഇറിഗേഷൻ പദ്ധതി തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| ബി) | പ്രസ്തുത പദ്ധതി പ്രകാരം നാളിതുവരെയായി സംസ്ഥാനത്തിന് ലഭിച്ച തുകയുടെയും ചെലവാക്കിയ തുകയുടെയും വിശദവിവരങ്ങൾ ജില്ലകൾ തിരിച്ച് ലഭ്യമാക്കുമോ; | ബി) | പി.എം.കെ.എസ്.വൈ പദ്ധതി പ്രകാരം നാളിതുവരെ കൃഷി, ഗ്രാമവികസനം, ജലസേചനം എന്നീ വകുപ്പുകൾക്ക് ലഭിച്ച തുകയുടെയും ചെലവഴിച്ച തുകയുടെയും ജില്ല തിരിച്ചുളള വിശദവിവരങ്ങൾ ചുവടെ |

ചേർക്കുന്നു.

**കൃഷി വകുപ്പ്:-** 2015-16 വർഷത്തിൽ ഡിസ്ട്രിക്ട് ഇറിഗേഷൻ പ്ലാനുകൾ, സ്റ്റേറ്റ് ഇറിഗേഷൻ പ്ലാൻ എന്നിവ തയ്യാറാക്കുന്നതിലേയ്ക്കായി അനുവദിച്ച 140 ലക്ഷം രൂപ പൂർണ്ണമായും വിനിയോഗിച്ചു. ആത്മ ഘടകത്തിൽ ലഭിച്ച 212 ലക്ഷം രൂപ പൂർണ്ണമായും വിനിയോഗിച്ചു. സമേതി തലത്തിൽ മേള നടത്തിപ്പിനായും, പഠനയാത്രകൾക്കും ട്രെയിനിംഗിനുമായി ആകെ 13.2 ലക്ഷം രൂപയും ജില്ലാ തലത്തിൽ കർഷകാധിഷ്ഠിത പ്രവർത്തനങ്ങളായ ട്രെയിനിംഗ്, ഡെമോൺസ്ട്രേഷൻ, പഠന യാത്രകൾ, കിസാൻ മേള, ഫാംസ്കൂളുകൾ എന്നിവയ്ക്കായി 198.800 ലക്ഷം രൂപയും ചെലവഴിച്ചു. ആയതിൻെറ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ജില്ല | ചെലവഴിച്ചതുക (ലക്ഷത്തിൽ) |
|---|---|
| തിരുവനന്തപുരം | 14.34 |
| കൊല്ലം | 14.34 |
| പത്തനംതിട്ട | 11.27 |
| ആലപ്പുഴ | 15.44 |
| കോട്ടയം | 14.34 |
| ഇടുക്കി | 11.27 |
| എറണാകുളം | 17.49 |
| തൃശ്ശൂർ | 19.6 |
| പാലക്കാട് | 16.42 |
| മലപ്പുറം | 18.69 |
| കോഴിക്കോട് | 15.44 |
| വയനാട് | 6.98 |
| കണ്ണൂർ | 13.97 |
| കാസർഗോഡ് | 9.21 |
| **ആകെ** | **198.8** |

സ്റ്റേറ്റ് ഹോൾട്ടിക്കൾച്ചർ മിഷൻ വഴി 142.6 ലക്ഷം രൂപയുടെ സൂക്ഷമ ജലസേചന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

| | | | |
|---|---|---|---|
| | | | <u>ഗ്രാമവികസന വകുപ്പ്</u>:- പി.എം.കെ.എസ്.വൈ പദ്ധതി പ്രകാരം ഗ്രാമവികസന വകുപ്പിന് ലഭിച്ച തുകയുടെയും ചെലവഴിച്ച തുകയുടെയും ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു.<br>**<u>ജലസേചന വകുപ്പ്</u>**:- 2015-16-ൽ പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന പദ്ധതി പ്രകാരം ജലസേചന വകുപ്പിലെ സി.എ.ഡി.ഡബ്ല്യു.എം പ്രവൃത്തികൾക്ക് കേന്ദ്രസഹായം ലഭിക്കുകയുണ്ടായി. കല്ലട, മൂവാറ്റുപുഴ, കാഞ്ഞിരപ്പുഴ പദ്ധതികളിലെ സി.എ.ഡി.ഡബ്ല്യു.എം പ്രവർത്തികൾക്കായി 2015-16-ൽ 192.492 ലക്ഷം രൂപ ലഭിക്കുകയുണ്ടായി. അതിൻെറ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.<br>കല്ലട- 48.492 ലക്ഷം (കൊല്ലം, പത്തനംതിട്ട, ആലപ്പുഴ)<br>മൂവാറ്റുപുഴ- 99 ലക്ഷം (എറണാകുളം, ഇടുക്കി)<br>കാഞ്ഞിരപ്പുഴ- 45 ലക്ഷം ( പാലക്കാട്) |
| സി) | പി.എം.കെ.എസ്.വൈ പ്രകാരം ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്; ജില്ലകൾ തിരിച്ച് വിവരങ്ങൾ ലഭ്യമാക്കുമോ? | സി) | പിഎം.കെ.എസ്.വൈ പദ്ധതി പ്രകാരം കൃഷി, ഗ്രാമവികസനം, ജലസേചനം എന്നീ വകുപ്പുകൾ മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><u>കൃഷി വകുപ്പ്:-</u><br>പി.എം.കെ.എസ്.വൈ പ്രകാരം ഡിസ്ട്രിക്ട് ഇറിഗേഷൻ പ്ലാനുകളും, സ്റ്റേറ്റ് ഇറിഗേഷൻ പ്ലാനും വെബ്സൈറ്റിൽ അപ്ലോഡ് ചെയ്യുകയും പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. 2017-18-ൽ നടപ്പിലാക്കേണ്ട പദ്ധതികളുടെ വിശദമായ പദ്ധതി റിപ്പോർട്ടുകൾ ജില്ലകളിൽ നിന്നും ലഭ്യമായി വരുന്നു.<br><u>ഗ്രാമവികസന വകുപ്പ്:-</u> പി.എം.കെ.എസ്.വൈ പ്രകാരമുള്ള പദ്ധതികളുടെ ജില്ലകൾ തിരിച്ചുള്ള വിശദാംശം അനുബന്ധം -2 ആയി ചേർത്തിരിക്കുന്നു. |

| | | | |
|---|---|---|---|
| | | | **ജലസേചന വകുപ്പ്:-**<br>പ്രധാനമന്ത്രി കൃഷി സിഞ്ചായീ യോജന പദ്ധതിയുടെ ഭാഗമായ ഡിസ്ട്രിക്ട് ഇറിഗേഷൻ പദ്ധതിയിൽ നിരവധി ജലസേചന പ്രവൃത്തികൾ ഉൾപ്പെടുത്തിയി രുന്നുവെങ്കിലും നാളിതുവരെ ഒരു പ്രവൃത്തികൾക്കും കേന്ദ്രസഹായം ലഭിച്ചിട്ടില്ല. ആയതിനാൽ പദ്ധതികളൊന്നും നടപ്പാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

# അനുബന്ധം – 1

| ജില്ല | 2015-16 | | 2016-17 | |
|---|---|---|---|---|
| | ലഭിച്ച തുക | ചെലവഴിച്ച തുക | ലഭിച്ച തുക | ചെലവഴിച്ച തുക |
| തിരുവനന്തപുരം | 135 | 101.97 | 62.32 | 62.32 |
| കൊല്ലം | 140 | 181.08 | 60.68 | 60.68 |
| ആലപ്പുഴ | 208 | 217.05 | 77.50 | 77.50 |
| പത്തനംതിട്ട | 255 | 237.69 | 64.76 | 64.76 |
| കോട്ടയം | 127 | 120.27 | 37.63 | 37.63 |
| ഇടുക്കി | 210 | 278.88 | 176.76 | 176.76 |
| എറണാകുളം | 270 | 231.51 | 55.41 | 55.41 |
| തൃശ്ശൂർ | 195 | 130.04 | 34.76 | 34.76 |
| പാലക്കാട് | 607 | 576.58 | 85.84 | 85.84 |
| മലപ്പുറം | 345 | 388.61 | 73.84 | 73.84 |
| കോഴിക്കോട് | 190 | 148.97 | | |
| വയനാട് | 149 | 121.39 | | |
| കണ്ണൂർ | 187 | 173.89 | | |
| കാസർഗോഡ് | 259 | 223.41 | 103.84 | 1.03.84 |
| **സംസ്ഥാനം** | 56 | | | |
| **ആകെ** | **3333** | **3132.35** | **833.33** | **833.33** |

Shainu. V

സെക്ഷൻ ഓഫീസർ.

അനുബന്ധം - 2

## ഭൗതിക പുരോഗതി (2015-16)

| ജില്ല | ചെക്ക് ഡാം നിർമ്മാണം | കുളം നിർമ്മാണം | മറ്റ് ജലസംഭരണ സംവിധാനങ്ങൾ (മഴവെള്ള സംഭരണി, മുതലയാളവ) | കുളം/ചെക്ക് ഡാം/മഴവെള്ള സംഭരണി മുതലായവയുടെ പുനരുദ്ധാരണം. | ജലസേചനം സാധ്യമായ പ്രദേശം | പ്രയോജനം ലഭിച്ച കർഷകരുടെ എണ്ണം | [illegible] സഹായം ലഭ്യമാക്കിയത് |
|---|---|---|---|---|---|---|---|
| തിരുവനന്തപുരം | 4 | 1 | 132 | 68 | 115.5 | 732 | 440 |
| കൊല്ലം | 0 | 4 | 199 | 9 | 57 | 99 | 30 |
| പത്തനംതിട്ട | 1 | 3 | 223 | 8 | 30.6 | 66 | 360 |
| ആലപ്പുഴ | 0 | 0 | 99 | 6 | 69 | 259 | 380 |
| കോട്ടയം | 0 | | 71 | 10 | 269.68 | 218 | 150 |
| ഇടുക്കി | 0 | 2 | 58 | 4 | 252.49 | 329 | 35 |
| എറണാകുളം | 0 | | 4 | 29 | 27.6 | 520 | 165 |
| തൃശ്ശൂർ | 0 | | 104 | 222 | 60 | 222 | 320 |
| പാലക്കാട് | 12 | 5 | 80 | 94 | 371.35 | 186 | 603 |
| മലപ്പുറം | 6 | 1 | 4 | 3 | 238.5 | 173 | 505 |
| കോഴിക്കോട് | 4 | 4 | 77 | 90 | 59 | 50 | 158 |
| വയനാട് | 2 | 3 | 23 | 0 | 242 | 525 | 190 |
| കണ്ണൂർ | 37 | 1 | 155 | 1 | 53 | 663 | 335 |
| കാസർഗോഡ് | 4 | 11 | 8 | 0 | 20 | 60 | 190 |
| **ആകെ** | **70** | **35** | **1237** | **544** | **1865.7** | **4102** | **3861** |

Shaine. Y

സെക്ഷൻ ഓഫീസർ